**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2171 — 11.06.2018 ൽ മറുപടിക്ക്

## വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നർക്കിലക്കാട് പി.എച്ച്.സി

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയായ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നർക്കിലക്കാട് പി.എച്ച്.സി ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നിരവധി സന്നദ്ധ സംഘടനകളുടെയും അവാർഡുകൾ ലഭിച്ചിട്ടുള്ളതിനാലും ഈ മേഖലയിൽ ഐ.പി ചികിത്സ ഇല്ലാത്തതിനാലും ഇവിടെ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ? | ഔട്ട് പേഷ്യന്റ് ചികിത്സ, രോഗപ്രതിരോധം, മാതൃശിശു ആരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം, തുടങ്ങിയ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. ഇവിടെ കിടത്തി ചികിത്സ ഉദ്ദേശിക്കപ്പെട്ടിട്ടില്ല. മൂന്ന്-നാല് ഒബ്സർവേഷൻ ബെഡ് മാത്രമാണ് ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നത്. സമഗ്ര ആരോഗ്യ പരിചരണം ലക്ഷ്യമാക്കിക്കൊണ്ട് ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കി ഇവിടെ ആവശ്യമായ തസ്തിക സൃഷ്ടിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ